പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 1414 22. 03. 2013- ലെ മറുപടി

## സാന്ത്വന പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. എ. വാഹിദ്<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) സാന്ത്വന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കമോ;<br><br>(ബി) പ്രവാസി മലയാളികൾക്കായി എന്തെല്ലാം ക്ഷേമ പ്രവർത്തനങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന നൽകുന്നതെന്ന് വ്യക്തമാക്കമോ;<br><br>(സി) എന്തെല്ലാം സഹായങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന പ്രവാസികൾക്ക് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (എ,ബി & സി) ദുരിതമനുഭവിക്കുന്ന പ്രവാസി കേരളീയർക്കായി നോർക്ക വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയായ 'സാന്ത്വന' പദ്ധതി നിലവിലുണ്ട്. വാർഷിക വരുമാനം 25,000/- രൂപയ്ക്ക് താഴെയുള്ള തിരികെയെത്തിയ പ്രവാസികളുടെ സഹായത്തിനായാണ് 'സാന്ത്വന' പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഈ പദ്ധതിയിൻ കീഴിൽ പ്രവാസി കേരളീയരുടെ ചികിത്സയ്ക്കോ, മരണപ്പെട്ട പ്രവാസികളുടെ/കുടുംബാംഗങ്ങളുടെ മരണാനന്തര ചടങ്ങുകൾ നടത്തുന്നതിനോ, പ്രവാസിയുടെ/ അടുത്ത കുടുംബാംഗങ്ങളുടെ ചികിത്സയ്ക്കോ, അവരുടെ പെൺമക്കളുടെ വിവാഹാവശ്യത്തിനോ, പ്രവാസിയുടെ/കുടുംബാംഗങ്ങൾക്ക് വീൽചെയർ /ക്രച്ചസ് എന്നിവ വാങ്ങുന്നതിനോ ഒറ്റ തവണയായി നോർക്ക വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് പരമാവധി 20,000/- രൂപ വരെ സഹായം നൽകി വരുന്നുണ്ട്. |
| (ഡി) ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത പദ്ധതി പ്രകാരമുള്ള ധനസഹായം വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) വർദ്ധിപ്പിച്ചിട്ടുണ്ട്. 31/03/2012 ലെ സർക്കാർ ഉത്തരവ് (കയ്യെഴുത്ത്)നമ്പർ 04/2012/നോർക്ക പ്രകാരം സാന്ത്വന പദ്ധതിയിൽ അനുവദിക്കുന്ന പരമാവധി സഹായം 10,000 രൂപയിൽ നിന്നും 20,000/- രൂപ ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ